**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2211 16/08/2017-ൽ മറുപടിക്ക്

**പാറശ്ശാല മണ്ഡലത്തിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്**

| | ചോദ്യം<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ)<br>(ബി)<br>&<br>(സി) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിച്ചു വരുന്നത്. എന്നാൽ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതിവിതരണ മേഖലയിൽ നിലവിലുള്ള നിലയിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുന:പരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ആര്യൻകോട് കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിക്കാനുള്ള നിവേദനത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത നിവേദനം അടിയന്തരമായി പരിഗണിച്ച് സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള മേൽ നടപടികൾ കൈക്കൊള്ളാമോ; | | |
| (സി) | ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമും ആദിവാസി മേഖലയും ഉൾപ്പെടെ വിസ്തൃതമായ കള്ളിക്കാട് പഞ്ചായത്ത് ഒറ്റശേഖരമംഗലം, ആര്യനാട് സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ഇവിടുത്തുകാർക്ക് കെ.എസ്.ഇ.ബി. സേവനങ്ങൾക്കായി ദൂരെയാത്ര വേണ്ടിവരുന്നതിനു പരിഹാരമെന്നോണം ഇവിടം കേന്ദ്രീകരിച്ച് ഒരു സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ